compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജനുവരി 27
Tuesday, 27th January 2026

1201 മകരം 13
13th Makaram 1201

1947 മാഘം 7
7th Magha 1947

വാല്യം 15
Vol. XV

നമ്പർ / **No.** **4**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുരേഷ് കുമാർ, റ്റി.)

നമ്പർ JRGKLM/34/2026/CRB. 2026 ജനുവരി 8.

വിഷയം :—സഹകരണ വകുപ്പ്—ക്യു. 332 കൊല്ലം കെ. എസ്. ആർ. റ്റി. സി. എംപ്ലോയീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സഹകരണ നിയമം 71 (2) ബി പ്രകാരം സമാപ്തീകരിക്കുന്നത് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:—(1) മങ്ങാട് സ്പെഷ്യൽ സെയിൽ ആഫീസറുടെ കേരള സഹകരണ നിയമം വകുപ്പ് 66(1) അനുസരിച്ച് നടത്തിയ പരിശോധന റിപ്പോർട്ട്.

(2) കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 26-6-2025-ലെ ARGKLM/1483/2025-UI(1) നമ്പർ കത്ത്.

13-5-1965-ൽ പ്രവർത്തനം ആരംഭിച്ച ക്യു. 332 കൊല്ലം കെ. എസ്. ആർ. റ്റി. സി. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ച് യാതൊരു പ്രവർത്തനവും നടത്താതെ നിർജ്ജീവ അവസ്ഥയിലായി പ്രവർത്തിക്കാൻ കഴിയാത്തതിനാലും സംഘം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം നടത്തുന്നതിനായി ആരുംതന്നെ മുന്നോട്ടു വരാത്തതുമായ സാഹചര്യത്തിൽ സംഘത്തെ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമാക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ 1969-ലെ സഹകരണ നിയമം വകുപ്പ് 71 (2) ബി പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം കൊല്ലം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ക്യു. 332 കൊല്ലം കെ. എസ്. ആർ. റ്റി. സി. എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം)-ന്റെ ആസ്തി ബാധ്യതകൾ നിർണ്ണയിച്ച് സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കൊല്ലം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി വിവരം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
ഓഫീസ്, കൊല്ലം.

ജോയിന്റ് രജിസ്ട്രാർ (ജനറൽ),
കൊല്ലം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അധിക ചുമതല വഹിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ടെ നടപടിക്രമം

(ഹാജർ: ഉണ്ണികൃഷ്ണൻ നായർ, കെ. പി.)

നമ്പർ JRGKTM/3084/2025-AEL. 2026 ജനുവരി 9.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—കെ 454 പൈനാപ്പിൾ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണ സംഘം ക്ലിപ്തം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ 20-5-2024-ലെ ARGKTM/322/2024/UI(1) നമ്പർ ഉത്തരവ്.

(2) അകലകുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസർ സമർപ്പിച്ച പരിശോധന റിപ്പോർട്ട്

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ 24-9-2025-ലെ ARGKTM/322/2024/UI(1) നമ്പർ കത്ത്.

കോട്ടയം താലൂക്കിൽ പ്രവർത്തനം ആരംഭിച്ച കെ 454 പൈനാപ്പിൾ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണ സംഘം ക്ലിപ്തം വർഷങ്ങളായി പ്രവർത്തനരഹിതവും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി സഹകരണ സംഘത്തിന്റെ സമാപ്തീകരണം നടത്തുന്നതിനായി കേരള സഹകരണ സംഘം നിയമം, വകുപ്പ് 66 പ്രകാരം വിശദപരിശോധന നടത്തുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അകലകുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസർ പരിശോധനാ ഉദ്യോഗസ്ഥനായി നിയമിച്ച് സൂചന (1) ഉത്തരവായിട്ടുള്ളതാണ്. ടി സഹകരണ സംഘം വർഷങ്ങളായി തുറന്ന് പ്രവർത്തിക്കുന്നില്ലാത്തതും, സംഘത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതിക്ക് അധികാരം കൈമാറുന്നതിന് നടത്തിയ ശ്രമങ്ങൾ സാധ്യമായിട്ടില്ലാത്ത സാഹചര്യവുമാണെന്ന് പരിശോധനാ ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. സംഘത്തിൽ യാതൊരു പ്രവർത്തനവും നടക്കാതിരിക്കുകയും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ സൂചന (2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കെ 454 പൈനാപ്പിൾ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണ സംഘം ക്ലിപ്തം-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം 71-ാം വകുപ്പ് പ്രകാരം സമാപ്തീകരിച്ച് ഉത്തരവാകുന്നു. കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പാമ്പാടി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി സഹകരണ സംഘം നിയമം 72-ാം വകുപ്പ് പ്രകാരം നിയമിക്കുന്നു. ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ മുതലുകളുടെയും റിക്കാർഡുകളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും ഈ ഉത്തരവ് തീയതി മുതൽ 60 ദിവസം കഴിയുന്ന മുറയ്ക്ക് ലിക്വിഡേഷൻ നടപടികൾ ആരംഭിക്കേണ്ടതും നിശ്ചിത സമയത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി അറിയിക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക, ഏറ്റെടുത്ത തീയതിയിലെ താൽക്കാലിക ബാക്കി പത്രം എന്നിവ സമർപ്പിക്കേണ്ടതും, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69 (4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കോട്ടയം.

ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഇൻ-ചാർജ്ജ്), കോട്ടയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[കേരള സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGTIR/1025/2025-UI(1). 2025 ഡിസംബർ 17.

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ 17-11-2025-ലെ ജെ.ആർ.എം.പി.എം./720/2025 എച്ച്.എം.സി. (2) നമ്പർ ഉത്തരവ് പ്രകാരം പുറത്തൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് & വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 883-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തിരൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുറ്റിപ്പുറം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കുവാനുണ്ടെങ്കിൽ അടക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീത് വാങ്ങേണ്ടതുമാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളെയും അറിയിച്ചു കൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻ തന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ/
കുറ്റിപ്പുറം യൂണിറ്റ് ഇൻസ്പെക്ടർ,
പുറത്തൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് &
വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം
ക്ലിപ്തം നമ്പർ എം. 883.,

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, തിരൂർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.27 03:43:36 +05:30